# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1195 03.12.2018 ൽ മറുപടിക്ക്**

**ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.സി.എഫ്.തോമസ്** | | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന്റെ പുനരുദ്ധാരണത്തിന് ഉദ്ദേശിക്കുന്ന ജോലികളും കണക്കാക്കിയിരിക്കുന്ന ചെലവും വ്യക്തമാക്കുമോ; | എ) | ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് ഉണ്ടായ കേടുപാടുകൾ പരിഹരിച്ച് ഗതാഗത യോഗ്യമാക്കുന്നതിനായി നിലവിൽ നടന്നു കൊണ്ടിരിക്കുന്ന വർക്കിൽ കാലവർഷത്തിൽ താഴ്ന്നുപോയ 1860 മീ റോഡ് ഭാഗം GSB,WMM, DBM എന്നിവ ഉപയോഗിച്ച് ഉയർത്തുന്നതിനും, ആലപ്പുഴ കൈതവന ജംഗ്ഷൻ മുതൽ ചങ്ങനാശ്ശേരി വരെയുള്ള 23.6 കി.മീ റോഡിലെ 7.5മീറ്റർ വീതിയിലുള്ള കാര്യേജ് വേ ഭാഗം 3 സെ.മീ കനത്തിൽ ഒരു പാളി ബിറ്റുമിൻ കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ആവശ്യമായ തെർമോപ്ലാസ്റ്റിക് റോഡ് മാർക്കിംഗുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് 10.65കോടി രൂപയാണ് കണക്കാക്കിയിരിക്കുന്ന ചെലവ്. |
| ബി) റോഡിൽ അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള പാലങ്ങൾ അപകടങ്ങൾക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാലങ്ങൾ പൊളിച്ച് പണിയുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) റോഡിന്റെ ഏതൊക്കെ ഭാഗമാണ് ഉയർത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) | മങ്കൊമ്പിൽ രണ്ട് ഭാഗങ്ങളിലായി 540 മീറ്ററും, നെടുമുടിയിൽ 480 മീറ്ററും, പൊങ്ങയിൽ 2 ഭാഗങ്ങളിലായി 370 മീറ്ററും, കൈനകരിയിൽ 370 മീറ്ററും, പള്ളാത്തുരുത്തിയിൽ 100 മീറ്ററും ഉൾപ്പെട്ട മൊത്തം 1860 മീറ്റർ റോഡ് ഭാഗങ്ങളാണ് ഉയർത്തിയിട്ടുള്ളത്. |
| ഡി) റോഡിന്റെ കിഴക്കേ അറ്റത്ത് മനക്കച്ചിറ ഭാഗത്ത് ആവണി കല്വർട്ടിൽ കൂടി സുഗമമായി വെള്ളം ഒഴുകാത്തതിനാൽ മഴ സമയത്ത് വെള്ളപ്പൊക്കമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) | ഉണ്ട്. |

ഇ) ഈ കലുങ്ക് പൊളിച്ച് പണിയാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഇ) കലുങ്ക് പുതുക്കി പണിയുന്നതിനുള്ള 60 ലക്ഷം രൂപയുടെ പ്രവൃത്തി 2 തവണ ടെണ്ടർ ചെയ്യുകയും അതിനുശേഷം ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിട്ടും കരാറുകാരൊന്നും തന്നെ ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ല. ടി കലുങ്കിന്റെ പുനർനിർമ്മാണവും ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിന്റെ പ്രളയത്തെ അതിജീവിക്കുന്ന തരത്തിലുള്ള പുനർനിർമ്മാണത്തിൽപ്പെടുത്തി പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

S. Bindu

സെക്ഷൻ ഓഫീസർ